**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2131**

**16.08.2017 - ൽ മറുപടിക്ക്.**

**പാലക്കാട് ജില്ലയിലെ കൊടുവായൂർ ഗ്രാമപഞ്ചായത്തിലെ മിനി ഇൻഡസ്ട്രി**

ചോദ്യം
ശ്രീ. കെ. ബാബു.

മറുപടി
**ശ്രീ. എ. സി. മൊയ്തീൻ**
**(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി).**

(എ) പാലക്കാട് ജില്ലയിലെ കൊടുവായൂർ ഗ്രാമപഞ്ചായത്തിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള മിനി ഇൻഡസ്ട്രി ഏതെങ്കിലും സ്വകാര്യ വ്യക്തിക്ക് ലീസിന് കൊടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; എങ്കിൽ എന്നാണ് ലീസിന് കൊടുത്തതെന്നും എത്ര വർഷത്തേയ്ക്കാണ് എന്നും വിശദമാക്കുമോ;

(എ) : പാലക്കാട് ജില്ലയിലെ കൊടുവായൂർ ഗ്രാമപഞ്ചായത്തിൽ വ്യവസായ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ പാലക്കാട് ജില്ല മിനി വ്യവസായ എസ്റ്റേറ്റ് സഹകരണ സംഘത്തിന്റെ കീഴിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്വകാര്യ വ്യക്തിക്ക് ലീസിന് കൊടുത്തിട്ടില്ല.

(ബി) എത്ര ഏക്കർ ഭൂമിയാണ് നിലവിൽ അവിടെയുള്ളതെന്നും എത്ര തുകയാണ് ലീസായി ലഭിക്കുന്നതെന്നും വിശദമാക്കുമോ ;

(ബി) : ഒരേക്കർ ഭൂമിയാണ് അവിടെയുള്ളത്. ഹയർ പർച്ചേസ്/ഔട്ട് റൈറ്റ് പർച്ചേസ് വ്യവസ്ഥയിലാണ് ഭൂമി അനുവദിക്കുന്നത്.

(സി) പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നതെന്ന് വിശദമാക്കുമോ ?

(സി) : പ്രസ്തുത സ്ഥാപനത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് നടക്കുന്നത്.

| ഷെഡ് നമ്പർ | ഉദ്പാദന പ്രവർത്തനം |
|---|---|
| 1 | ഷീറ്റ് മെറ്റൽ കമ്പോണൻസ് |
| 2 | ഷീറ്റ് മെറ്റൽ കമ്പോണൻസ് |
| 3 | പവർ പ്രസ്സ് |
| 4 | ടൂൾ ഡിസൈൻ |

5,6,7,8,9,10 എന്നീ ഷെഡുകൾ പ്രവർത്തനരഹിതമായതിനാൽ അവ തിരിച്ചുപിടിക്കുന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

കെ/11/08